"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - അച്ചടി വകുപ്പിൽ 2023-24 സാമ്പത്തിക വർഷം പ്ലാൻ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിവിധതരം മെഷീനുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.140/2023/SPD തീയതി,തിരുവനന്തപുരം, 05-12-2023

---

പരാമർശം:- 1. അച്ചടി വകുപ്പ് ഡയറക്ടറുടെ 09.10.2023 തീയതിയിലെ 10793/2022/ജി3 നമ്പർ കത്ത്.

2. 1.11.2023 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനം

**ഉത്തരവ്**

2023-2024 സാമ്പത്തിക വർഷത്തിലെ ആന്വൽ പ്ലാനിൽ അച്ചടി വകുപ്പിന് 4058-00-103-95-പ്ലാൻ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 6 കോടിയിൽ നിന്നും 2 കോടിയോളം രൂപ 2022-23 സാമ്പത്തിക വർഷത്തത്തിലെ പ്ലാനിൽ ഉൾപ്പെട്ട മെഷീനുകൾ വാങ്ങുന്നതിനായി ചെലവാകുമെന്നതിനാൽ മിച്ചമുള്ള 4.0575 കോടി രൂപ വിനിയോഗിച്ച് 2023-24 സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള മെഷീനുകൾ വാങ്ങുന്നതിനുള്ള നിർദ്ദേശവും 2022-23 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച രണ്ട് പ്രോഗ്രാമബിൾ പേപ്പർ കട്ടിംഗ് മെഷീൻ വാങ്ങുന്നതിനുള്ള പുതുക്കിയ ഭരണാനുമതി ആവശ്യമായ നിർദ്ദേശവും അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്നു.

2) അച്ചടി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ നിർദ്ദേശത്തിലെ ഇനങ്ങൾ ഓരോന്നായി 01/11/2023 -ാം തീയതി കൂടിയ വർക്കിംഗ് ഗ്രൂപ്പ്യോഗം പരിശോധിച്ചു. വിശദമായ ചർച്ചകൾക്കു ശേഷം 2023-2024, 4058-00-103-95-പ്ലാൻ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്ന് 4.0575 കോടി രൂപ ചിലവഴിച്ച് വിവിധ മെഷിനറി വാങ്ങുന്നതിനു ഭരണാനുമതിയും 2022-23 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച രണ്ട് പ്രോഗ്രാമബിൾ പേപ്പർ കട്ടിംഗ് മെഷീനുകളും 1,07,82,400/-രൂപയ്ക്ക് വാങ്ങുന്നതിന് പുതുക്കിയ ഭരണാനുമതിയും നൽകുന്നതിന്

പരാമർശം (2) പ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗം ശിപാർശ ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1.11.2023 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ താഴെ ചേർക്കുന്ന മെഷീനുകൾ എല്ലാ നടപടിക്രമങ്ങളും പാലിച്ച് പ്ലാൻ ഹെഡായ 4058-00-103-95-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും 5.13574(4.0575+1.07824)/- കോടി രൂപ (അഞ്ചു കോടി പതിമൂന്നു ലക്ഷത്തി അൻപത്തിയേഴായിരത്തി നാനൂറ് രൂപ മാത്രം ചെലവഴിച്ച് വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പ്ലാൻ പ്രൊപ്പോസലിലെ ഇനം നമ്പർ | മെഷീനുകളുടെ വിവരം | സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കാര്യാലയം | ആകെ എണ്ണം | നിർദ്ദേശിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | 1 | കമ്പ്യൂട്ടർ ടു പ്ലേറ്റ് മെഷീൻ (CTP) (തെർമ്മൽ) | ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | 1 | 80 |
| 2 | 2 | പ്രോഗ്രാമബിൾ പേപ്പർ കട്ടിംഗ് മെഷീൻ | ഗവ. പ്രസ്സ്, എറണാകുളം | 1 | 55 |
| 3 | 3 | RA1 ഷീറ്റ് ഫെഡ് ഓഫ്സെറ്റ് മെഷീൻ | ഗവ. പ്രസ്സ്, കൊല്ലം | 1 | 45 |
| 4 | 4 | ബോക്സ് സ്റ്റാപ്പിംഗ് മെഷീൻ | ഗവ. പ്രസ്സ്, കണ്ണൂർ<br>ഗവ. പ്രസ്സ്, എറണാകുളം | 2 | 8 (4X2) |
| 5 | 5 | പ്രിന്റിംഗ് ഡൗൺ ഫ്രെയിം മെഷീൻ | ഗവ. പ്രസ്സ്, വയനാട്<br>ഗവ. പ്രസ്സ്, കണ്ണൂർ<br>സർക്കാർ മുദ്രനിർമ്മാണശാല, തിരുവനന്തപുരം | 3 | 30 (10X3) |

| | | | | | |
|---|---|---|---|---|---|
| 6 | 6 | മോണോക്രോം ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ മെഷീൻ | ഗവ. പ്രസ്സ്, കണ്ണൂർ | 1 | 10 |
| 7 | 7 | ബാറ്ററി ഓപ്പറേറ്റഡ് ട്രോളി | ഗവ. പ്രസ്സ്, തിരുവനന്തപുരം | 2 | 5 (2.5X2) |
| 8 | 8 | RA1കംപ്രസ്സർ | ഗവ. പ്രസ്സ്, എറണാകുളം<br>ഗവ. പ്രസ്സ്, ഷൊർണ്ണൂർ | 4 | 16 (4X4) |
| 9 | 9 | Additional infrastructure including LAN connectivity and Electrification for the purpose of implementation of COMPOSE/e-office | എല്ലാ ശാഖ കാര്യാലയങ്ങളിലും | | 130 |
| 10 | 16 | Additional infrastructure including<br>Computers and Accessories | Computer including i7 including software | 7 | 26.75 |
| | | | Computer i3 – 12,65,000/- (23*55,000) | 23 | |
| | | | Printer(A3) MFP Entry level – 3,00,000/- (4*75000) | 4 | |
| | | | Printer (A3) MFP Medium level – | 3 | |

| | | | | | |
|---|---|---|---|---|---|
| | | | 1,65,000/- (3*55000) | | |
| **ആകെ** | | | | | 405.75 |

2022-23 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച രണ്ട് പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ

| ക്രമ നമ്പർ | പ്ലാൻ പ്രൊപ്പോസലിലെ ഇനം നമ്പർ | മെഷീനുകളുടെ വിവരം | സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കാര്യാലയം | ആകെ എണ്ണം | നിർദ്ദേശിക്കുന്ന തുക |
|---|---|---|---|---|---|
| 1 | 13 | പ്രോഗ്രാമബിൾ പേപ്പർ കട്ടിംഗ് മെഷീൻ | സെൻട്രൽ പ്രിസൺ പ്രസ്,തിരുവനന്തപുരം ഗവ.പ്രസ്സ്, കോഴിക്കോട് | 2 | 1,07,82,400/-(ഒരു കോടി ഏഴു ലക്ഷത്തി എൺപത്തി രണ്ടായിരത്തി നാന്നൂറു രൂപ മാത്രം) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD V R

ജോയിന്റ് സെക്രട്ടറി

അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu V K
Date: 06-12-2023 12:02:17

സെക്ഷൻ ഓഫീസർ